പ്രത്യേക പരിഗണന നൽകി വരുന്നുണ്ട്. മെഡിക്കൽ കോളേജ് ആശുപത്രികളിൽ വയോജന നയം നടപ്പിലാക്കിയതിന്റെ ഭാഗമായി ഔട്ട് പേഷ്യന്റ് വിഭാഗം, വാർഡുകൾ, ഫാർമസി കൗണ്ടറുകൾ എന്നിവിടങ്ങളിൽ വൃദ്ധ ജനങ്ങൾക്ക് മുൻഗണന നൽകിവരുന്നുണ്ട്. മെഡിക്കൽ കോളേജ് ആശുപത്രികളിൽ വൃദ്ധർക്ക് ക്യൂ നിൽക്കാതെ ഡോക്ടറെ കാണാനുള്ള സംവിധാനം നിലവിലുണ്ട്. വൃദ്ധജനങ്ങൾ എത്തുന്ന വാഹനങ്ങൾക്ക് പാർക്കിംഗിന് പ്രത്യേക പരിഗണന നൽകണമെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. ആശുപത്രികളിൽ ആകെയുള്ള കിടക്കകളിൽ 3% വൃദ്ധ ജനങ്ങൾക്ക് വേണ്ടി മാറ്റി വച്ചിട്ടുണ്ട്. മാത്രമല്ല മറ്റ് എല്ലാ കാര്യങ്ങളിലും വൃദ്ധ ജനങ്ങൾക്ക് പ്രത്യേക പരിഗണനയും മുൻഗണനയും നൽകുന്നുണ്ട്.

(ബി) സംസ്ഥാനത്തെ ജനറൽ ആശുപത്രികൾ, ജില്ലാ ആശുപത്രികൾ, താലൂക്ക് ആശുപത്രികൾ, സ്പെഷ്യാലിറ്റി ആശുപത്രികൾ തുടങ്ങിയ ആശുപത്രികളിൽ ജിറിയാട്രിക് വാർഡുകൾ തുടങ്ങുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ നിലവിൽ ഈ സംവിധാനം ഇല്ലാത്ത ആശുപത്രികളിൽ വൃദ്ധരുടെ പരിചരണത്തിനായി പ്രത്യേകം ബെഡ്ഡുകൾ നീക്കിവെച്ചിട്ടുണ്ട്.

(സി) ജിറിയാട്രിക് വാർഡുകളിൽ മരുന്നുകളും മറ്റ് അവശ്യ വസ്തുക്കളും ലഭ്യമാക്കുന്നുണ്ട്.

(ഡി) ധനലഭ്യത അനുസരിച്ച് ഇക്കാര്യം പരിഗണിക്കുന്നതാണ്.

നിർദ്ധന രോഗികളുടെ ചികിത്സക്കായി നടപ്പാക്കിയ താലോലം പദ്ധതി

30(*240) ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ നിർദ്ധനരോഗികളുടെ ചികിത്സക്കായി നടപ്പിലാക്കിയ താലോലം പദ്ധതിയുടെ ഇതുവരെയുള്ള പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ;

(ബി) ഈ പദ്ധതി പ്രകാരം നിർദ്ധനരായ കൂടുതൽ പേർക്ക് ഉപയോഗ പ്രദമാകുന്ന രീതിയിൽ പ്രവർത്തന പുരോഗതി കൈവരിക്കുന്നതിന് എന്തൊക്കെ പുതിയ നിർദ്ദേശങ്ങളാണ് പരിഗണിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ഈ പദ്ധതി വ്യാപിക്കുന്നതിനും ഇതിനായി കൂടുതൽ ഫണ്ട് സ്വരൂപിക്കുന്നതിനും എന്തൊക്കെ നടപടികൾ സ്വീകരിക്കും എന്ന് വിശദമാക്കുമോ?

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി(ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ)

(എ) വിലയിരുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ പദ്ധതി പ്രവർത്തന പുരോഗതി കൈവരിച്ചിട്ടുണ്ട്. ഇതിനായി കോട്ടയം മെഡിക്കൽ കോളേജിൽ 53 ലക്ഷം രൂപയ്ക്ക് ഉപകരണങ്ങൾ വാങ്ങുന്നതിന് അനുമതി നൽകിയിട്ടുണ്ട്. അർഹരായ എല്ലാ കുട്ടികളെയും പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് എല്ലാ സജ്ജീകരണങ്ങളും ചെയ്തിട്ടുണ്ട്.

(സി) സംസ്ഥാനത്തെ എല്ലാ ഗവൺമെന്റ് മെഡിക്കൽ കോളേജുകളിലും, പരിയാരം മെഡിക്കൽ കോളേജ്, കൊച്ചിയിലെ സഹകരണ മെഡിക്കൽ കോളേജ്, മലബാർ കാൻസർ സെന്റർ, എസ്.എ.റ്റി. ആശുപത്രി, തിരുവനന്തപുരത്തെ റീജിയണൽ കാൻസർ സെന്റർ, ഐ.എം.സി.എച്ച്. കോട്ടയം, തൃശ്ശൂർ ചെസ്റ്റ് ഹോസ്പിറ്റൽ തുടങ്ങിയ സംസ്ഥാനത്തെ പ്രധാനപ്പെട്ട ആശുപത്രികളിൽ ഇപ്പോൾത്തന്നെ ഈ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ എൻഡോസൾഫാൻ ബാധിതരുടെ ആവശ്യത്തിനു മാത്രമായി കാസർഗോഡ് ജില്ലാ/താലൂക്ക് ആശുപത്രികൾ കൂടി ഈ പദ്ധതിയിൽ ഇതിനകം ഉൾപ്പെടുത്തിയിട്ടുണ്ട്. പദ്ധതിക്കായി കൂടുതൽ ഫണ്ട് സ്വരൂപിക്കുന്നതിന് പേമെന്റ് ഗേറ്റ്‌വേ എന്ന പദ്ധതിയിലൂടെ നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിന് ഇൻകം ടാക്സ് ഇളവ് ലഭിക്കുന്നതാണ്. സാമൂഹ്യ സുരക്ഷാ മിഷന്റെ വെബ് സൈറ്റിലൂടെ സന്മനസ്സുള്ള എല്ലാവർക്കും സംഭാവന നൽകാവുന്ന വിധത്തിൽ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്.

(II) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

സംസ്ഥാനത്തെ സാമൂഹികാരോഗ്യ കേന്ദ്രങ്ങളിൽ പോളി ക്ലിനിക്കുകൾ ആരംഭിക്കുന്നതിന് നടപടി

1 (2031) ശ്രീ. കെ. ബാബു:
ശ്രീ. എ. എ. ഷുക്കൂർ :
ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സാമൂഹികാരോഗ്യകേന്ദ്രങ്ങളിൽ (Community Health Centre) പോളിക്ലിനിക്കുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ :

(ബി) ഇപ്പോൾ ഇത്തരത്തിൽ എത്ര കേന്ദ്രങ്ങളിൽ പോളിക്ലിനിക്കുകൾ പ്രവൃത്തിക്കുന്നു എന്നറിയിക്കുമോ ;

(സി) സാമൂഹികാരോഗ്യ കേന്ദ്രങ്ങളിൽ സ്പെഷ്യാലിറ്റി ഡോക്ടർമാരുടെ സേവനം ലഭ്യമാക്കുന്നതിന് എന്തൊക്കെ സൗകര്യങ്ങളാണ് ഏർപ്പെടുത്തുക ;

(ഡി) ഇത്തരം കേന്ദ്രങ്ങളിൽ പോളിക്ലിനിക്കുകൾ തുടങ്ങുന്നതിന് എന്തൊക്കെ മാനദണ്ഡങ്ങളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ഇ) ഓരോ ജില്ലയിലും എത്തൊക്കെ കേന്ദ്രങ്ങളിൽ ഇത്തരം പോളിക്ലിനിക്കുകൾ ആരംഭിക്കാനുള്ള നടപടികളാണ് ഇപ്പോൾ കൈക്കൊണ്ടിട്ടുള്ളത് എന്ന് വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly